LIBRARY ARCHIVES Kerala Legislative Assembly

## തിരൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

178(683) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ജല അതോറിറ്റി മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ യു. ഡബ്ല്യു.എസ്.എസ്. തിരൂരിനുവേണ്ടി, 19-Replacement of pipe lines എന്ന ശീർഷകത്തിൽ, 12-8-2013-ൽ 2000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി 4 പാക്കേജുകളായാണ് നടപ്പിലാക്കിയത്. അതിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ഉൾപ്പെടുന്ന Package-I പൂർത്തീകരിച്ചു. ഗ്രാവിറ്റി പൈപ്പുലൈനുകൾ മാറ്റുന്ന പ്രവൃത്തിയും, തിരൂർ തലക്കടത്തൂർ റോഡിലുള്ള പൈപ്പുലൈനും ഉൾപ്പെടുന്ന രണ്ടാമത്തെ പാക്കേജ് റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് പൂർണ്ണമായും അടയ്ക്കാത്തതിനാൽ ഭാഗികമായി നടപ്പാക്കാനേ കഴിഞ്ഞിട്ടുള്ളൂ. പാക്കേജ് III-ൽ ഉൾപ്പെടുന്ന ട്രാൻസ്ഫോർമറും പമ്പ് സെറ്റും സ്ഥാപിക്കുന്ന പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിതരണശൃംഖലകൾ ഉൾപ്പെടുന്ന 4-ാം പാക്കേജ് 3 തവണ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ക്വാട്ട് ചെയ്യാത്തതിനാൽ നടപ്പാക്കാനായിട്ടില്ല. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ, 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള തിരൂർ മുനിസിപ്പാലിറ്റി വാർഡ്-38-ലെ നോർത്ത് അനാറ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ആതവനാട് പഞ്ചായത്തിലെയും, തിരുനാവായ പഞ്ചായത്തിലെയും ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വളവന്നൂർ, കൽപകഞ്ചേരി എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃഖല ദീർഘിപ്പിച്ച് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരുന്ന ജലസേചന വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (1) ആയി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ. മുഖേന നടപ്പിലാക്കുന്ന 18 പദ്ധതികളുടെ നിർവ്വഹണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 4 പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്കീമുകളുടെ നിർവ്വഹണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധം (2) ആയി* ഉള്ളടക്കം ചെയ്യുന്നു.

(ബി) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ജലഅതോറിറ്റി മുഖേന വെട്ടം, തലക്കാട്, മംഗലം, പുറത്തൂർ, തൃപ്പങ്ങോട് എന്നീ 5 പഞ്ചായത്തുകളിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 35800 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാനായി തയ്യാറാക്കിയിട്ടുണ്ട്. ഭൂജല വകുപ്പിന്റെ മേൽനോട്ടത്തിൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ആയത് പരിഹരിക്കുന്നതിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ച് വരുന്നു

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

179(684) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly